(1)	(2)	(3)	(4)
10	മലപ്പുറം	2,70,914	3,903
11	കോഴിക്കോട്	1,49,500	12,048
12	വയനാട്	40,718	2,836
13	കണ്ണൂർ	27,869	5,622
14	കാസർഗോഡ്	23,797	14,752
	ആകെ	10,56,103	79,777

ആലംകോട് മുല്ലശ്ശേരിക്കുന്നിലുള്ള പമ്പിംഗ് സ്റ്റേഷൻ

197 (4483) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ആലംകോട് മുല്ലശ്ശേരിക്കുന്നിലുള്ള പമ്പിംഗ് സ്റ്റേഷനിലെ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടം വരെയായി; പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ദൂരം, ഇതിനായുള്ള അടങ്കൽ തുക, ഈ പ്രവൃത്തിക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി. റോഡ്, പഞ്ചായത്ത് റോഡ് എന്നിവ കട്ടിംഗിനായി ഇതുവരെ എന്തു തുക നൽകിയിട്ടുണ്ടെന്നും ദേശീയ പാത കട്ട് ചെയ്യുന്നതിന് അനുമതി കിട്ടിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പൈപ്പ്ലൈൻ സ്ഥാപിച്ചു കഴിഞ്ഞാൽ പുതിയതായി ഏതൊക്കെ പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളമെത്തിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആലംകോട് മുല്ലശ്ശേരിക്കുന്ന് മുതൽ തെറ്റിക്കുളം പമ്പ് ഹൗസ് വരെയുള്ള പൈപ്പ് ലൈൻ (600 mm DI) 6300 മീറ്ററിൽ 5600 മീറ്ററും, 500 mm DI പൈപ്പ് ലൈൻ 2500 മീറ്ററിൽ 1900 മീറ്ററും പണി പൂർത്തിയായി. ബാക്കിയുള്ള പണികൾ പുരോഗമിക്കുന്നു. ഇതിനായുള്ള അടങ്കൽ തുക 960 ലക്ഷം രൂപയാണ്. ഈ പ്രവൃത്തിയുടെ നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്നത് M/s. ടോംകോ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്ന കമ്പനിയാണ്.

(ബി) റോഡ് പുനരുദ്ധാരണ പണികൾക്കായി പി.ഡബ്ല്യു.ഡി. റോഡിൽ 86 ലക്ഷം രൂപയും പഞ്ചായത്ത് റോഡിൽ 5.50 ലക്ഷം രൂപയും മുനിസിപ്പാലിറ്റി

LIBRARY ARCHIVES Kerala Legislative Assembly

റോഡിൽ 19.50 ലക്ഷം രൂപയും ദേശീയപാത ബേംകട്ട് ചെയ്യുന്നതിനായി 2.65 ലക്ഷം രൂപയും നൽകുകയുണ്ടായി. ദേശീയപാത കുറുകെ കട്ട് ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പൈപ്പ്ലൈൻ സ്ഥാപിച്ച് കഴിഞ്ഞാൽ വർക്കല മുനിസിപ്പാലിറ്റിയിലും അതിന്റെ സമീപ പ്രദേശങ്ങളിലും ഒറ്റൂർ, മണമ്പൂർ, ഇടവ, ഇലകമൺ, നാവായിക്കുളം പഞ്ചായത്തുകളിലും ഇപ്പോൾ ഉണ്ടായിട്ടുള്ള കുടിവെള്ളക്ഷാമത്തിന് പരിഹാരമാകും.

അങ്കമാലി മാഞ്ഞാലി തോടിന്റെ കൈവരി തോട്ടുകളുടെ ശോചനീയാവസ്ഥ

198 (4484) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ജലസേചനത്തിന് മുഖ്യ പങ്ക് വഹിക്കുന്ന അങ്കമാലി മഞ്ഞാലി തോടിന്റെ കൈവരി തോട്ടുകളായ മുകന്തൂർ തോട്, കുറുകുറ്റി തോട്, മുന്നതോട് തുടങ്ങിയവയുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾ നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്താനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

1. അങ്കമാലി-മാഞ്ഞാലി തോടിന്റെ കൈവരികളായ മൂക്കന്നൂർ, കുറുകുറ്റി തോട്ടുകളുടെ നവീകരണം - 2170 ലക്ഷം രൂപ

2. അങ്കമാലി-മാഞ്ഞാലി തോടിന്റെ കൈവരിയായ നായത്തോടിന്റെ നവീകരണം - 670 ലക്ഷം രൂപ.

സ്വകാര്യ കമ്പനികൾ വിതരണം ചെയ്യുന്ന കുടിവെള്ളം

199 (4485) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന കുടിവെള്ളം മലിനമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly